## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4560 **26.10.2016**-ലെ മറുപടിക്ക്

"സ്വയംപര്യാപ്ത ഗ്രാമം" പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | "സ്വയം പര്യാപ്ത ഗ്രാമം" പദ്ധതി പ്രകാരം കാസർഗോഡ് അസംബ്ലി മണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളുടെ നവീകരണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | "സ്വയം പര്യാപ്ത ഗ്രാമം" പദ്ധതി പ്രകാരം കാസർഗോഡ് അസംബ്ലി മണ്ഡലത്തിലെ ഒരു കോളനിയെ തെരഞ്ഞെടുത്തെങ്കിലും നവീകരണം പൂർത്തീകരിച്ചിട്ടില്ല. |
| (ബി) | നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന് കാരണം എന്താണെന്നും, എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ; | (ബി) | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സർക്കാർ അക്രഡിറ്റഡ് ഏജൻസിയെയാണ് ഏല്പിച്ചത്. ഏജൻസിയുടെ മനുഷ്യവിഭവ ശേഷിക്കുറവും കോളനിക്കാരുടെ ആവശ്യ പ്രകാരം ആദ്യ എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തേണ്ടി വന്നതും കാരണം കോളനിയുടെ നവീകരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. |
| (സി) | കാസർഗോഡ് മണ്ഡലത്തിൽ എത്ര പട്ടികജാതി /പട്ടികവർഗ്ഗ കോളനികളിൽ നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഏത് പദ്ധതി പ്രകാരം ആണ് ഈ പ്രവർത്തനങ്ങൾ നടക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) | കാസർഗോഡ് മണ്ഡലത്തിൽ ഒരു പട്ടികജാതി കോളനിയിൽ നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരമാണ് ഈ പ്രവർത്തനം നടക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ